## VIII. റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റുമെന്റ് സഭയിൽ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ സംസ്ഥാന സർവ്വീസ് പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും ഇടക്കാലാശ്വാസം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാന സർവ്വീസ് പെൻഷനേഴ്സിന് പ്രതിമാസം 50 രൂപയും പാർട്ട് ടൈം കണ്ടിജൻസി എംപ്ലോയിസ് പത്തുരൂപയും ഫാമിലി പെൻഷനേഴ്സ് 30 രൂപയുമാണ് പ്രതിമാസ ഇടക്കാല അലവൻസ്. ഇത് 1-4-1996 മുതൽ നടപ്പിലാകുന്നതാണ്. രണ്ടുലക്ഷത്തി ആയിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് (2,01,391) പെൻഷൻകാർക്കും ഒരു ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് (1,06,523) ഫാമിലി പെൻഷൻകാർക്കും 2000 പാർട്ട് ടൈം കണ്ടിജൻസി പെൻഷൻകാർക്കും ഈ ആനുകൂല്യം ലഭിക്കും. ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്. സർക്കാർ ജീവനക്കാർക്ക് പ്രതിമാസം 100 രൂപ ഇടക്കാലാശ്വാസം നൽകിയതുവഴി സർക്കാരിനുണ്ടായ ബാദ്ധ്യത പ്രതിവർഷം 60 കോടി രൂപയാണ്. അതിനു പുറമേയാണ് ഈ തീരുമാനം. ഈ തീരുമാനം മൂലം 16 കോടി രൂപയുടെ പ്രതിവർഷ കമ്മിറ്റുമെന്റ് ഗവൺമെന്റിനുണ്ടാകുന്നതാണ്. സഭയിൽ ഉന്നയിക്കപ്പെട്ട ഒരു വിഷയമായതുകൊണ്ടും സഭ നടന്നുവരുന്ന സമയമായതുകൊണ്ടുമാണ് ഞാനിത് സഭയിൽ പ്രസ്താവിക്കുന്നത്. സഭ ഇത് സഹർഷം സ്വാഗതം ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

## IX ധനകാര്യം

### 1996-97 സാമ്പത്തികവർഷത്തേക്കുള്ള ഇടക്കാല ബഡ്ജറ്റിനെപ്പറ്റി പൊതുചർച്ച (തുടർച്ച)

ശ്രീ. തമ്പാനൂർ രവി : സർ, ഇവിടെ ബഹുമാന്യനായ ധനകാര്യമന്ത്രി ശ്രീമാൻ സി. വി. പത്മരാജൻ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. അഞ്ചുവർഷം പൂർത്തിയാക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയ വികസന പ്രവർത്തനങ്ങളുടേയും സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക വളർച്ചയേയും വ്യക്തമാക്കുകയാണ് ഈ വർഷത്തെ ഇടക്കാല ബഡ്ജറ്റ്. അഴിമതി വിരുദ്ധവും സംശുദ്ധവുമായ ഭരണമാണ് ഇപ്പോഴും കേരളത്തിൽ നടക്കുന്നതെന്ന് എല്ലാവരും സമ്മതിക്കുമെന്നാണ് എന്റെ പ്രതീക്ഷ. കേരളത്തിന്റെ സമഗ്ര വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ യു.ഡി.എഫ്. ബഹുദൂരം മുൻപോട്ടു പോയിയെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ജനങ്ങൾ ഈ ഗവൺമെന്റിനോടൊപ്പമുള്ളതുകൊണ്ടാണ് പ്രതിപക്ഷം ഈ ഗവൺമെന്റിനെതിരെ നിരന്തരമായി നടത്തിയ എല്ലാ സമരങ്ങളും പരാജയപ്പെട്ടത്. വിളനിലം പ്രശ്നം തൊട്ട് ഏറ്റവും അവസാനം എൽ.കെ.ജി. കുട്ടികളുടെ വിദ്യാഭ്യാസ ബന്ത് വരെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി പരാജയപ്പെടുത്തി. അഞ്ചുവർഷം മുൻപ് യൂറോപ്യൻ രാജ്യങ്ങളിൽ ആരംഭിച്ച കമ്മ്യൂണിസ്റ്റ് തകർച്ചഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ബാധിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly